CENTENARY EDU. FUND OF THE ARCHEPARCHY OF KOTTAYAM

CATHOLIC METROPOLITAN'S HOUSE

P.B. No. 71, KOTTAYAM - 686 001, KERALA, INDIA.

Web www.cefakottayam.webnode.com E-mail: cefak2011@gmail.com

പ്രിയ ബഹു. അച്ചാ,

അതിരൂപതാ ശതാബ്ദി സ്മാരക വിദ്യാഭ്യാസ ഫണ്ടിൽ നിന്നും ഈ വർഷത്തെ ലോൺ ലഭിക്കുന്നതിന് നിശ്ചിത ഫോമിൽ അപേക്ഷ സമർപ്പിക്കേണ്ട സമയമായി. കഴിഞ്ഞവർഷങ്ങളിൽ ലോൺ ലഭിച്ചവരെ ഈ വർഷം അർഹരാണെങ്കിൽ പരിഗണിക്കാവുന്നതാണ്. അവർ വെള്ളപ്പേപ്പറിൽ അപേക്ഷ സമർപ്പിച്ചാൽ മതിയാകും. അതേ സമയം ഇപ്പോൾ പഠിക്കുന്ന കോഴ്സിന്റെ അവസാനമായി റിസൾട്ട് അറിഞ്ഞ സെമസ്റ്ററിന്റെ മാർക്കുഷീറ്റിന്റെ കോപ്പി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

2021 ഒക്ടോബർ 1 നു ചേർന്ന കേന്ദ്രകമ്മിറ്റി തീരുമാനമനുസരിച്ച് ഈ വർഷം പുതുതായി 100-ൽ താഴെ കുടുംബങ്ങളുള്ള ഇടവകകളിൽ നിന്നും ഒരപേക്ഷയും 100നും 200നും ഇടയിൽ കുടുംബങ്ങളുള്ള ഇടവകകളിൽ നിന്നും രണ്ടപേക്ഷയും, 200നു മുകളിൽ കുടുംബങ്ങളുള്ള ഇടവകകളിൽനിന്നും മൂന്നപേക്ഷയും പരമാവധി സമർപ്പിക്കാവുന്നതാണ്. അപേക്ഷകളെല്ലാം പാരീഷ് കൗൺസിലിന്റെ ശുപാർശയ്ക്കു വിധേയമായി ബഹു. വികാരിയച്ചന്റെ ഒപ്പോടെ നവംബർ 10-ാം തീയതിക്കകം അരമനയിലുള്ള ഓഫീസിൽ എത്തിക്കേണ്ടതാണ്. ശുപാർശ ചെയ്യുന്ന അപേക്ഷകൾ യഥാർത്ഥത്തിൽ അർഹതയുള്ളവരാണോ എന്ന് വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ലോൺ തിരികെ നൽകേണ്ട സമയമാകുമ്പോൾ Centenary Education Fund of the Archeparchy of Kottayam എന്ന പേരിൽ ചെക്കായോ SIB A/c. No.003705300015801,IFSC-SIBL0000037 എന്ന അക്കൗണ്ടിലേക്ക് ബാങ്ക് ട്രാൻസ്ഫർ വഴിയോ തിരികെ നൽകാവുന്നതാണ്.

അരമനയിലെ CEFAK Office-ൽ നേരിട്ട് പണമായും വായ്പ തിരിച്ചടയ്ക്കാവുന്നതാണ്. എന്നാൽ ഗുണഭോക്താക്കൾ പ്രസ്തുത വിവരം വികാരി അച്ചൻമാരെ ബോദ്ധ്യപ്പെടുത്തി ഇടവകയിലെ CEFAK രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ലോൺ ലഭിക്കുന്ന കുട്ടികളുടെ കോഴ്സ് തീർന്ന് ഒരു വർഷത്തിനകം തവണകളായി വായ്പതുക തിരികെ വാങ്ങുന്ന കാര്യം ബഹു. വികാരി അച്ചന്മാരും, പാരിഷ് കൗൺസിൽ അംഗങ്ങളും ശ്രദ്ധിക്കുമല്ലോ. ഈ വർഷം ലോൺ അനുവദിക്കുന്ന പ്രധാന കോഴ്സുകളും തുകയും ചുവടെ ചേർക്കുന്നു.

കോഴ്സുകൾ	ലഭിക്കുന്ന തുക
M.B.B.S/ B.D.S, Pharm D, M.D	Rs.30,000/-
B.Sc. Nursing, M.Sc. Nursing, P.B.Sc. Nursing, B.Tec, M.Tec, BPT, BHM, B.Pharm	Rs.20,000/-
M.B.A./ M.C.A.	Rs.12,000/-

അംഗീകൃത സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിച്ച കൂടുതൽ ജോലി സാധ്യതയുള്ള മറ്റു പ്രൊഫഷണൽ UG/PG കോഴ്സുകൾക്കും മുൻഗണനാക്രമത്തിൽ അപേക്ഷ സമർപ്പിക്കാം. അപേക്ഷയോടൊപ്പം സ്ഥാപനത്തിന്റെ അംഗീകാരത്തിന്റെ രേഖകൂടി ഹാജരാക്കേണ്ടതാണ്. എന്നാൽ അവയ്ക്ക് കേന്ദ്ര എക്സിക്യൂട്ടീവിന്റെ തീരുമാനത്തിന് വിധേയമായി മാത്രമായിരിക്കും ലോൺ അനുവദിക്കുക.

ആദ്യ ചാൻസിൽ പാസാകുന്ന കുട്ടികളെ മാത്രമേ പരിഗണിക്കാൻ പാടുള്ളൂ. അരമനയിൽ നിന്നു നൽകിയിട്ടുള്ള CEFAK ഇടവക രജിസ്റ്ററിൽ വായ്പ നൽകലും തിരിച്ചടയ്ക്കലും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഈ വർഷത്തെ ഗുണഭോക്താക്കൾക്കുള്ള ചെക്ക് കൈപ്പറ്റാൻ വരുമ്പോൾ 2021 മാർച്ച് 31 വരെയുള്ള കണക്കുകൾ കൃത്യമായി രേഖപ്പെടുത്തിയ ടി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്ന പള്ളികൾക്കു മാത്രമേ ചെക്ക് വിതരണം ചെയ്യുകയുള്ളൂ. ഈ കത്തിനൊപ്പം ആപ്ലിക്കേഷൻ ഫോമിന്റെ ഒരു കോപ്പി ഉള്ളടക്കം ചെയ്യുന്നു. ആവശ്യത്തിന് കോപ്പികൾ എടുത്ത് ഉപയോഗിക്കാവുന്നതാണ്. ഈ ഫണ്ടിനെ സംബന്ധിച്ച എല്ലാ വിവരങ്ങളും cefak website ൽ നൽകിയിട്ടുണ്ട്.

ഇതോടൊപ്പം നൽകിയിരിക്കുന്ന കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ സംക്ഷിപ്ത വിവരം പള്ളിയിൽ അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

കോട്ടയം
10-10-2021

ഡോ. ജോർജ് മാത്യു കക്കാട്ടിൽ
സെക്രട്ടറി, CEFAK
Ph. Res. 0481-2537006
Ph: 9447967806